# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5334 27.07.2015 - ൽ മറുപടിക്ക്**

## ചാവക്കാട് - വടക്കാഞ്ചേരി റോഡ് പുനരുദ്ധാരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) 2009 - 2010 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി ലഭിച്ച ചാവക്കാട് - വടക്കാഞ്ചേരി പി. ഡബ്ല്യൂ. ഡി റോഡിലെ ചാട്ടുകുളം മുതൽ കുന്നംകുളം വരെയുള്ള ഭാഗത്തെ റോഡ് പുനരുദ്ധാരണ പ്രവർത്തിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നു വ്യക്തമാക്കാമോ ; | (എ) 2009 - 2010 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി ലഭിച്ച ചാവക്കാട് - വടക്കാഞ്ചേരി പി. ഡബ്ല്യൂ. ഡി റോഡിലെ ചാട്ടുകുളം മുതൽ കുന്നംകുളം വരെയുള്ള ഭാഗത്തെ റോഡ് പുനരുദ്ധാരണ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാത്തതുകൊണ്ട് ടി കരാറുകാരനെ പ്രവൃത്തിയിൽ നിന്നും ഒഴിവാക്കിയിരിക്കുകയാണ്. ബാക്കി പ്രവൃത്തികൾക്ക് വീണ്ടും ടെണ്ടർ |

| | |
|---|---|
| | ക്ഷണിച്ചെങ്കിലും കരാറുകാരാരും ടെണ്ടറിൽ പങ്കെടുക്കുവാൻ മുന്നോട്ടു വന്നിട്ടില്ല. |
| (ബി) പ്രസ്തുത റോഡിന്റെ പുനരുദ്ധാരണം സമയബന്ധിതമായി തീർക്കാൻ കഴിയാതെപോയത് എന്തു കൊണ്ടാണെന്നു വ്യക്തമാക്കാമോ ; | (ബി) ജല അതോറിറ്റിയുടെ ജല വിതരണ പൈപ്പുകൾ മാറ്റി സ്ഥാപിക്കുവാൻ കാലതാമസം നേരിട്ടതുകൊണ്ടാണ് സമയബന്ധിതമായി പ്രസ്തുത റോഡിന്റെ പുനരുദ്ധാരണം തീർക്കുവാൻ കഴിയാതെപോയത്. |
| (സി) പ്രസ്തുത റോഡിന്റെ പുനരുദ്ധാരണ പ്രവർത്തി വേഗത്തിൽ ചെയ്തുതീർക്കുന്നതിന് എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ? | (സി) പ്രസ്തുത റോഡിന്റെ ബാക്കി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ